# കുട്ടികളുടെ രക്ഷയ്ക്ക് – “കുഞ്ഞേ നിനക്കായ്”

# ബോധവൽക്കരണവുമായി പോലീസ്

പത്തനംതിട്ട: കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള തുടക്കമായി “കുഞ്ഞേ നിനക്കായ്” എന്ന പേരിൽ മൂന്ന് ദിവസത്തെ ക്യാമ്പയിൻ നടത്തി പോലീസ്. കുട്ടികൾക്ക് നേരെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുക, അവർക്ക് സുരക്ഷയൊരുക്കുക, കുട്ടികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെടുന്ന വിവിധ മേഖലകളിലെ ആളുകൾക്ക് ബോധവൽക്കരണം ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന പോലീസ് നവംബർ 28,29,30 തീയതികളിലാണ് ക്യാമ്പയിൻ നടത്തിയത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 28ന് രാവിലെ 10.30 ന് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ തേക്കിൻകാട് മൈതാനിയിൽ സംസ്ഥാന പോലീസ് മേധാവി ലോക് നാഥ് ബെഹ്റ ഐപിഎസ് നിർവഹിച്ചു.

ഇതിന്റെ ഭാഗമായി ആയി 17 മിനിറ്റ് ദൈർഘ്യമുള്ള പോക്സോ നിയമങ്ങളും ശിക്ഷയും, ഇടപെടലുകളും വ്യക്തമാക്കുന്ന വീഡിയോ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ചു. രക്ഷകർത്താക്കൾ, അധ്യാപകർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, മാധ്യമ രംഗത്തുള്ളവർ തുടങ്ങിയവരെ കേന്ദ്രീകരിച്ച് നടത്തിയ പരിപാടിയിലൂടെ കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങളിൽ സമൂഹമനസാക്ഷിയെ ഉണർത്തുക, കുറ്റവാളികൾക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുക തുടങ്ങിയവയും ലക്ഷ്യങ്ങളായിരുന്നു.

രണ്ടു മിനിറ്റ് നീളുന്ന സ്ലൈഡ് പ്രദർശനം, 10 മിനിറ്റ് ദൈർഘ്യമുള്ള ചാക്യാർകൂത്ത് വീഡിയോ, 5 മിനിറ്റിൽ പോലീസ് ഉദ്യോഗസ്ഥന്റെ വിശദീകരണം എന്നിവ ഉൾപ്പെടെയുള്ള 17 മിനിറ്റ്

ആണ് പരിപാടി. വിവിധ സ്റ്റേഷനുകളിലെ പരിപാടികളിൽ CI മാർ, SI മാർ തുടങ്ങിയവർ വിഷയം വിശദീകരിച്ചു സംസാരിച്ചു.

കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ 2012-ൽ നിലവിൽ വന്ന പോക്സോ നിയമം ശക്തമായ പ്രയോഗവത്ക്കരണത്തിലൂടെ ഈ ലക്ഷ്യം ഒരു പരിധിവരെ കൈവരിക്കാനാകുമെന്ന് പോലീസ് കരുതുന്നു. അതിക്രമങ്ങൾ വർധിച്ചുവരുന്നത് തടയേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി സംസ്ഥാന പോലീസ് മേധാവി അണിയിച്ചൊരുക്കിയ വീഡിയോ പ്രദർശനം വൻ ജനക്കൂട്ടത്തെ ആകർഷിച്ചു. കുട്ടികൾക്ക് നേരെ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ കേസ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായി അന്വേഷണം നടത്തി കുറ്റവാളികളെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുകയും 30 ദിവസത്തിനകം കോടതികളിൽ കുറ്റപത്രം സമർപ്പിക്കുകയും, കഠിനശിക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നതിലൂടെ ഇത്തരം കുറ്റകൃത്യങ്ങൾ തടയാൻ സാധിക്കും എന്നുള്ള ചിന്തയിലൂടെയാണ് ആശയം ഉടലെടുത്തത്. ദീർഘ ലക്ഷ്യം മുന്നിൽ കണ്ട് ഇത്തരം പരിപാടികളിലൂടെ സംസ്ഥാന പോലീസ് സജീവമായി ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.

ആദ്യ രണ്ട് ദിവസങ്ങളിൽ അടൂർ, ആറന്മുള, പത്തനംതിട്ട, ഏനാത്ത് തുടങ്ങിയ പ്രധാന പോലീസ് സ്റ്റേഷനുകളിൽ എല്ലാംതന്നെ പരിപാടി അവതരിപ്പിക്കാൻ സാധിച്ചു. ആയിരക്കണക്കിനാളുകളിൽ ബോധവൽക്കരണ സന്ദേശം എത്തിക്കാൻ ഇതുവഴി സാധിച്ചു. പ്രധാന കേന്ദ്രങ്ങളിൽ നടത്തിയ പ്രദർശനം കാണാൻ വൻ ജനക്കൂട്ടത്തിന്റെ സാന്നിധ്യമുണ്ടായത് ശ്രദ്ധേയമായി. കുഞ്ഞുങ്ങളുടെ വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെടുന്ന വ്യത്യസ്ത മേഖലകളിലുള്ളവരുടെ മനോഭാവത്തിൽ ദൂരവ്യാപകമായ മാറ്റം വരുത്തുക വഴി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുകയാണ് ക്യാമ്പയിന്റെ മുഖ്യലക്ഷ്യങ്ങളിൽ മറ്റൊന്ന്. ജില്ലാതല സമാപന പരിപാടിയുടെ ഉദ്ഘാടനം 30-ാം തീയതി വൈകുന്നേരം 05.00

മണിക്ക് പത്തനംതിട്ട സെൻട്രൽ ജംഗ്ഷനിൽ ജില്ലാ പോലീസ് മേധാവി നിർവ്വഹിച്ചു.

എല്ലാ എസ് എച്ച് ഓ മാരും മൂന്നു ദിവസങ്ങളിലായി കുറഞ്ഞത് ദിവസവും മൂന്നു പരിപാടികൾ നടത്തണമെന്നായിരുന്നു നിർദ്ദേശം. സംസ്ഥാനമൊട്ടാകെ ഇത്തരത്തിൽ കുറഞ്ഞത് 5 ലക്ഷം ആളുകളുടെ മനസ്സുകളിൽ ഇതിനെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു. ഇതിനുപുറമേ സാമൂഹ്യ-ദൃശ്യമാധ്യമങ്ങളിലൂടെയും ക്യാമ്പയിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ സാധിച്ചു. തികച്ചും വ്യത്യസ്തവും മനസ്സുകളിലേക്ക് ആഴത്തിൽ എളുപ്പം സന്നിവേശിപ്പിക്കാൻ കഴിയുന്നതുമായ രീതിയിൽ 10 മിനിറ്റ് നീളുന്ന ചാക്യാർകൂത്ത് വീഡിയോ മുഖ്യ ആകർഷണമാണ്. ലൈംഗികാതിക്രമം വിഷയമാക്കിയ വീഡിയോ ബോധവൽക്കരണത്തിന് ഏറ്റവും അനുഗുണമാകും വിധമാണ് തയ്യാറാക്കിയിരിക്കുന്നത്. 12 മിനിറ്റ് വീഡിയോ പ്രദർശനത്തിനുശേഷം 5 മിനിറ്റ് ഉപസംഹാരത്തോടെ സമാപിക്കുന്ന പരിപാടി മൂന്നുദിവസങ്ങളിലായി ജില്ലയിലെ പതിനായിരക്കണക്കിന് ആളുകളിൽ എത്തിക്കാൻ സാധിച്ചതായി ജില്ലാ പോലീസ് മേധാവി ജി. ജയദേവ് ഐപിഎസ് അറിയിച്ചു.

കുഞ്ഞുങ്ങളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളുടെ മനോഭാവത്തിലെ മാറ്റവും ഉത്തരവാദിത്വത്തെ പറ്റിയുള്ള ബോധവൽക്കരണവും ഉറപ്പുവരുത്തുകയും, കുട്ടികളുടെ സുരക്ഷാ സമൂഹത്തിലെ എല്ലാവരുടെയും കടമയാണെന്ന് ഓർമപ്പെടുത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ പരിപാടിയിലൂടെ സാധിച്ചതായി ജില്ലാ പോലീസ് മേധാവി ചൂണ്ടിക്കാട്ടി. മക്കളുടെ മേൽ ഉണ്ടാകുന്ന ഏതുതരം അതിക്രമവും ശ്രദ്ധയിൽപ്പെട്ടാൽ അമ്മമാർ അറിയിക്കാതിരിക്കുക, സമയത്ത് കുട്ടിക്ക് വൈദ്യപരിശോധന ഡോക്ടർ നടത്താതിരിക്കുക, പോക്സോ പരാതി കിട്ടിയാലുടൻ ആയത് രജിസ്റ്റർ ചെയ്യാൻ പോലീസ് ഓഫീസർ വിസമ്മതിക്കുക, അധ്യാപകരാൽ കുട്ടി

അപമാനിക്കപ്പെടുന്ന ഘട്ടങ്ങളിൽ അവർക്കെതിരെ നടപടി എടുക്കാൻ പ്രധാനാധ്യാപകർ തയ്യാറാകാതിരിക്കുക, ബന്ധുക്കൾ ഇത്തരം അതിക്രമങ്ങൾ അറിയിക്കാതിരിക്കുക തുടങ്ങിയ ഗുരുതരമായ വീഴ്ചകൾ സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് തയ്യാറാക്കിയതാണ് ഈ ബോധവൽക്കരണ പരിപാടി.

കുഞ്ഞുങ്ങൾ പൂമൊട്ടുകളാണ്, അവർ പൂർണ്ണമായി വിരിഞ്ഞ് ചുറ്റിലും പരിമളം പരത്താൻ, പൂർണ്ണവളർച്ചയെത്തി ചുറ്റുമുള്ളവരെയും, വേണ്ടപ്പെട്ടവരെയും സന്തോഷിപ്പിക്കാൻ, ജീവിത വിജയം നേടാൻ സാഹചര്യം ഒരുക്കേണ്ടത് സമൂഹത്തിന്റെ മൊത്തം ചുമതലയാണെന്ന വിലയിരുത്തലിലൂടെ ഉരുത്തിരിഞ്ഞ പരിപാടിയുടെ തുടക്കം മാത്രമാണ് സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഉണ്ടാവാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള വിവിധ പരിപാടികൾ തുടർച്ചയായുണ്ടാവും. ഇരകളെ ബലിയാടുകൾ ആക്കാതിരിക്കുക, അക്രമികളെ ബോധവൽക്കരിക്കുക, അതിക്രമങ്ങൾക്കെതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അതിന് പ്രാപ്തരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുഞ്ഞുങ്ങൾക്ക് സുരക്ഷിതയിടമായി ഇവിടം മാറ്റിയെടുക്കുക എന്ന ആത്യന്തിക ലക്ഷ്യത്തിലേക്കുള്ള അദ്യ ചുവടുവയ്പ്പാണ് ഈ പരിപാടിയിലൂടെ നടന്നിരിക്കുന്നതെന്ന് ജില്ലാ പോലീസ് മേധാവി വിശദീകരിച്ചു.